# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *60 – 29/11/2018 -ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കൽ

**ചോദ്യം** **ഉത്തരം**

ശ്രീ. സണ്ണി ജോസഫ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. ഐ.സി.ബാലകൃഷ്ണൻ
ശ്രീ. പി.ടി. തോമസ് :

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. പ്രളയക്കെടുതി മുഖാന്തിരം സംസ്ഥാനത്തിനുണ്ടായ ആഘാതത്തെ അതിജീവിക്കുന്നതിനായും നവകേരള സൃഷ്ടിയ്ക്കായും വിഭാവനം ചെയ്യുവരുന്ന ബൃഹത്തായ പദ്ധതികൾക്കായുള്ള വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19 ൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20 ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് കേന്ദ്രസർക്കാർ അംഗീകരിക്കുകയാണെങ്കിൽ നിലവിലെ വായ്പാ പരിധിയായ 22353 കോടി രൂപയ്ക്കു പുറമേ 2018 - 19 ൽ ഏകദേശം 11100 കോടി രൂപയും 2019 – 20 ൽ ഏകദേശം 4000 കോടി രൂപയും അധിക വായ്പയായി സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ബി | എങ്കിൽ എത്ര ശതമാനം വർദ്ധനവാണ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിലൂടെ എത്ര കോടി രൂപ അധികമായി വായ്പ എടുക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; | |
| സി | പ്രളയം സംബന്ധിച്ച ലോക ബാങ്ക് പഠനസംഘത്തിന്റെ പ്രാഥമിക വിലയിരുത്തലിന് മുമ്പ് തന്നെ ലോകബാങ്ക് വായ്പ സന്നദ്ധത അറിയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപ വായ്പയായി അനുവദിക്കാം എന്നാണ് ലോക ബാങ്ക് അറിയിച്ചിട്ടുള്ളത്; എത്ര ശതമാനമാണ് പലിശ നിരക്ക്; | സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ വായ്പ സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ലോകബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തി വരികയാണ്. വായ്പ തുക, പലിശ നിരക്ക് എന്നിവ സംബന്ധിച്ച് തീരുമാനങ്ങളൊന്നുമായിട്ടില്ല. |

| | | |
|---|---|---|
| ഡി | കടമെട്ടപ്പ് പരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിനോടുള്ള കേന്ദ്ര പ്രതികരണം വ്യക്തമാക്കുമോ? | ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാറിൽ നിന്നുള്ള പ്രതികരണം ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**